LIBRARY ARCHIVES Kerala Legislative Assembly

വയോജന വിദ്യാഭ്യാസം

*ക ൦ ൭൨. (൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരു–കൊച്ചി സ്റ്റേറ്റിൽ വയോജന വിദ്യാഭ്യാസം നടത്തുന്നതു സംബന്ധിച്ചു് ഗവൺമെണ്ടിനു് എന്തെങ്കിലും ഒരു പദ്ധതിയുണ്ടോ, ഉണ്ടെങ്കിൽ അതു എന്താണു്;

(ബി) തിരു–കൊച്ചി സംസ്ഥാനത്തു് ഇപ്പോൾ വയോജന വിദ്യാലയങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര; എവിടെയെല്ലാം;

(സി) പ്രൈവറ്റു് ഏജൻസികൾ വയോജന വിദ്യാലയം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര;

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്. ഒരു വയോജനവിദ്യാഭ്യാസ ബോർഡു് രൂപീകരിക്കുകയും, ബോർഡിന്റെ നിർദ്ദേശങ്ങളനുസരിച്ചു് പദ്ധതി ആസൂത്രണം ചെയ്യുകയും ഉണ്ടായിട്ടുണ്ടു്. ഇതിന്റെ ആദ്യത്തെ പടിയായി വയോജന വിദ്യാഭ്യാസപ്രവർത്തകർക്കു് ഒരു പരിശീലന കേന്ദ്രം തിരുവനന്തപുരത്തു് ആരംഭിച്ചിട്ടുണ്ടു്. പരിശീലനം സിദ്ധിച്ചതിനുശേഷം അവർ രാജ്യത്തിന്റെ നാനാഭാഗത്തും വയോജന വിദ്യാലയങ്ങൾ ആരംഭിക്കുന്നതാണു്.

(ബി) വയോജന വിദ്യാലയമെന്ന പേരിൽ നടത്തുന്ന സ്ഥാപനങ്ങൾ ഇല്ല. എന്നാൽ മുഖ്യമായും വയോജനങ്ങളെ ഉദ്ദേശിച്ചു് പഞ്ചായത്തു് ഡിപ്പാർട്ടുമെണ്ടിന്റെ കീഴിൽ ഒന്നു–, ഹരിജനോദ്ധാരണ ഡിപ്പാർട്ടുമെണ്ടിന്റെ കീഴിൽ ക ൦ ൦–ം നിശാപാഠശാലകൾ നടത്തിവരുന്നുണ്ടു്.

(സി) ഗവൺമെണ്ടിനു് അറിവില്ല.

നിലക്കടലപിണ്ണാക്കു് നിർമ്മിക്കുന്നതിനായി കമ്പനി

*ക ൦ ൭൩. (൩൩) സാഹിബു് ബഹദൂർ വി. ചേലാടിറാവുത്തർ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സപ്ലൈസു് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചിറയൻകീഴ് താലൂക്കിൽ നിലക്കടലപിണ്ണാക്കു് നിർമ്മിക്കുന്നതിനായി ഒരു കമ്പനി പുതുതായി തുടങ്ങിയിട്ടുണ്ടോ;

(ബി) ആ കമ്പനിക്കു് വല്ല ധനസഹായവും ചെയ്തു കൊടുപ്പാൻ ഗവൺമെണ്ടിൽനിന്നും തീരുമാനിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉണ്ടു്.

(ബി) കമ്പനിക്കു് ധനസഹായം ചെയ്യുന്നകാര്യം ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

Questions posted for answer on 14th March 1951

AREA UNDER CULTIVATION

*1074. [7] **Sri. K. Ramachandran:** Will the Hon'ble Chief Minister be pleased to state.—

(a) the area under (*i*) sugar cultivation, (*ii*) jute cultivation, (*iii*) mulberry cultivation.